# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 74 — 03.12.2014 ലെ മറുപടിക്ക്

### ഹോംസ്റ്റേ, വില്ലാ പ്രോജക്ടുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. സി. മോയിൻ കുട്ടി** | | **ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| എ) | വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ഹോംസ്റ്റേ, വില്ലാ പ്രോജക്ടുകൾക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) | വിനോദസഞ്ചാരികൾക്ക് കേരളീയ സംസ്കാരം ആതിഥ്യമര്യാദ, ഗ്രാമീണ സൗന്ദര്യം എന്നിവ മനസ്സിലാക്കിക്കൊടുക്കുന്നതിനും ഗുണ മേന്മയുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ടിയാണ് വിനോദസഞ്ചാര വകുപ്പ് ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല ക്ലാസിഫിക്കേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇത് തദ്ദേശീയർക്ക് ഒരു അധിക വരുമാനം ലഭ്യമാക്കുക എന്നതിലുപരി സമൂഹത്തിന്റെ സ്ഥായിയായ വികസനത്തിന് ഹേതുവാകുകയും ചെയ്യുന്നു. ക്ലാസിഫിക്കേഷൻ ലഭിച്ച ഹോം സ്റ്റേകൾക്ക് ധനസഹായം, വായ്പ എന്നിവ ടൂറിസം വകുപ്പ് നൽകുന്നില്ല. എന്നാൽ നിലവിലുള്ള വീടുകളെ ഹോം സ്റ്റേകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനാവശ്യമായ സഹായം നൽകി വരുന്നു. ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിലൂടെ കേരള ടൂറിസം സംഘടിപ്പിക്കുന്ന ദേശീയ-വിദേശ ടൂറിസം മേളകളിൽ ക്ലാസിഫൈഡ് ഹോം സ്റ്റേകൾക്ക് പങ്കാളിത്തം നൽകി വരുന്നുണ്ട്. |
| ബി) | ഇവ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ ലൈസൻസ്, അനുമതിപത്രം എന്നിവ കാലതാമസമില്ലാതെ ലഭ്യമാക്കാൻ വിനോദസഞ്ചാര വകുപ്പ് എന്തൊക്കെ ഉപദേശ സഹായങ്ങൾ നല്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ക്ലാസിഫിക്കേഷൻ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചും ഹോം സ്റ്റേയിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. വിനോദസഞ്ചാര |

(..........2)

വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറുകൾ വഴിയും വകുപ്പ് സംഘടിപ്പിക്കുന്ന മേളകൾ വഴിയും DTPCകൾ വഴിയും ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടി ക്രമങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് അവബോധം നൽകി വരുന്നുണ്ട്. ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതും പരിശോധന നടത്തുന്നതും DTPCകൾ മുഖേനയാണ്. ഹോം സ്റ്റേ ക്ലാസിഫിക്കേഷൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ ക്ലാസിഫിക്കേഷൻ കാലാവധി തീരുന്നതിന് ആറ് മാസം മുമ്പ് സ്വീകരിക്കുന്നതിനുള്ള നടപടി വകുപ്പ് നടപ്പാക്കി വരുന്നു. ഇത് കാലാവധി പുതുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സഹായകരമാകുന്നുണ്ട്.

സി) തദ്ദേശസ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ്എന്നിവ നികുതികളും, ലക്ഷ്വറി ടാക്സുകളും അനാവശ്യമായും അധികമായും ചുമത്തി ഇത്തരം ചെറുകിട സംരംഭകരെ ബുദ്ധിമുട്ടിലാക്കുകയും കടക്കെണിയിലാക്കുകയും ചെയ്യുന്നതുമൂലം, നിയമാനുസൃത സ്ഥാപനങ്ങൾ പലതും പൂട്ടിപ്പോവുകയും പകരം അനധികൃത സ്ഥാപനങ്ങൾ വർദ്ധിച്ചുവരികവും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തര പരിഹാരം നടപ്പിലാക്കുമോ?

സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**